# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 4 | 28.10.2019-ൽ മറുപടിക്ക്

## സംസ്ഥാനത്തെ ക്രമസമാധാനനില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളും വർദ്ധിച്ച് വരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽസംസ്ഥാനത്തെ ക്രമസമാധാനനില യെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊല പാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളും വർദ്ധിച്ച് വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമസമാധാന രംഗത്ത് മികച്ച നിലയുള്ള സംസ്ഥാനമാണ് നമ്മുടേത്. അക്രമ സംഭവങ്ങളും ഗുരുതരമായ കുറ്റകൃത്യങ്ങളും ഉണ്ടാകുമ്പോൾ പ്രതികളുടെ മുഖം നോക്കാതെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാനും പ്രതികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടു വരുവാനും യഥാസമയം കഴിഞ്ഞിട്ടുള്ളതിനാലാണ് ഈ നേട്ടം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്. |
| (ബി) പോലീസിനെ ജനകീയമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) പോലീസിനെ ജനകീയമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.<br>• പോലീസിനെ ജനകീയമാക്കുന്ന തിനായി ആവിഷ്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചു.<br>• സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് പരാതികൾ സ്വീകരിക്കുകയും തുടർനിയമ നടപടികൾ സ്വീകരിച്ചും വരുന്നു.<br>• പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് |

ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും ക്രമസമാധാനം, കേസന്വേഷണം എന്നിവ വേർതിരിക്കുകയും ചെയ്തു കൊണ്ട് ക്രമസമാധാന പാലനവും കേസന്വേഷണവും കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

- റോഡ് സുരക്ഷാവാരവും ലഹരി വിരുദ്ധ നാടകങ്ങളും വിവിധ തരത്തിലുള്ള ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു.
- ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നു.
- കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റി സൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, THUNA എന്നിവ വികസിപ്പിച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ (THUNA) സംവിധാനം വഴി പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാവുന്നതാണ്.
- 6 പോലീസ് സ്റ്റേഷനുകളിൽ ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) കുറ്റവാളികൾക്ക് നേരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഭരണ കക്ഷിയിൽപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്ക് പ്രത്യേക പരിഗണന പോലീസ് ഭാഗത്തുനിന്ന് ലഭിക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (സി) ഇത്തരം ആക്ഷേപങ്ങൾ വസ്തുതാപരമല്ല. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ